**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2359** **16-03-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ആകെ എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കി കൈമാറുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും ഇതിൽ എസ്.സി., എസ്.ടി., മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗക്കാർക്ക് എത്ര വീടുകൾ ലഭ്യമാക്കി എന്നും വ്യക്തമാക്കാമോ; | (എ) | ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷപദ്ധതിയുടെ ഭാഗമായി ആകെ 2,79,465 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി 66,665 വീടുകളുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 25,015 വീടുകളുടെയും മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്കായി 6,669 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | അഞ്ച് വർഷം കൊണ്ട് എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷപദ്ധതി പ്രകാരം ഒരു വർഷം 1 ലക്ഷം വീടുകൾ എന്ന നിലയിൽ അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്തെ അർഹരായ 5 ലക്ഷം കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2021-22 വർഷത്തിൽ പൊതുവിഭാഗത്തിൽ നിന്നും 40,000 വീടുകളും പട്ടികജാതി വിഭാഗത്തിൽ നിന്നും 40,000 വീടുകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും 15,000 വീടുകളും മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും 5,000 വീടുകളും ഉൾപ്പെടെ ആകെ 1 ലക്ഷം വീടുകളുടെ നിർമ്മാണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 17,334 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ട് 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഭൂമിയുള്ള ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനായി ലൈഫ് 2020 പ്രകാരം പുതിയ അപേക്ഷകൾ ക്ഷണിച്ചതിൻ പ്രകാരം സംസ്ഥാനത്ത് 9,20,260 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ലൈഫ് അർഹതാ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ടി അപേക്ഷകരിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള ഫീൽഡ്തല പരിശോധന |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലും നഗരസഭകളിൽ കുടുംബശ്രീ മുഖേനയും അപേക്ഷകൾ പുന:പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 30.04.2022-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ